# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

**ആലപ്പുഴ ജില്ല**

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**1/10/2019-31/03/2019**

**ബ്ലോക്ക് :കഞ്ഞിക്കുഴി**

**ഗ്രാമ പഞ്ചായത്ത് :കടക്കരപ്പള്ളി**

**വാർഡ് :7**

# ഉള്ളടക്കം

1. സോഷ്യൽ ഓഡിറ്റ്.....................................................3
2. പ്രവർത്തികൾ.........................................................4
3. 7 രജിസ്റ്ററുകൾ.......................................................6
4. ഫയൽ പരിശോധന...................................................8
5. ഫീൽഡ് പരിശോധന...............................................13
6. അവകാശ നിഷേധങ്ങൾ..........................................18
7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും....................19
8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ..........................20
9. ഗ്രാമസഭ മിനുട്സ്.....................................................21

---

## സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രം ആണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും, വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്.പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൌഹാർദ്ദപരം ആക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തം ആക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്യതുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു.യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കടക്കരപ്പള്ളി പഞ്ചായത്ത് w-7 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 6 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

# സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നം ബർ | പ്രവർത്തിയുടെ പേരും കോഡും | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്ററിമേററ് തുക | ചെലവായ തുക |
|---|---|---|---|---|---|
| 1. | കാലിത്തൊഴുത്ത് നിർമ്മാണം(പാർവ്വതി കൊച്ചുചിറ)*IF/365613* | 20/11/2018 | 17/07/2019 | 27,390/- | 24,390/- |
| 2.. | കൃഷിവകുപ്പുമായി സംയോജിച്ചു വിവിധ കൃഷിക്കായി നിലം ഒരുക്കൽ (P1) LD/327592 | 01/01/2019 | 31/03/2019 | 2,34915/- | 2,19800/- |
| 3. | കൃഷിവകുപ്പുമായി സംയോജിച്ചു വിവിധ കൃഷിക്കായി നിലം ഒരുക്കൽ(P2) LD/340460 | 25/03/2019 | 31/03/2019 | 2,34949/- | 49,070/- |
| 4. | അഗതി ആശ്രയ ഭാവന പദ്ധതി (ഉഷ, കിഴക്കേ കണ്ണം തോടത്തു) IF/358194 | 06/11/2018 | 08/03/2019 | 27,390/- | 24,390/- |
| 5. | ലൈഫ് ഭവന പദ്ധതി (ജയദേവ്,രോഹിണി) IF/371094 | 20/11/2018 | 17/07/2019 | 27,390/- | 24,390/- |
| 6. | ലൈഫ് ഭവന പദ്ധതി (രത്നമ്മ,കൊല്ലാട്ട്) IF/368144 | 20/11/2018 | 17/07/2019 | 27,390/- | 24,390/- |

**<u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്</u>** .

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

## <u>പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ</u>

1. **<u>തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ</u>**
   - സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.
   - പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.
2. **<u>ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ</u>**
   - രജിസ്റ്ററിന്റെ കവർ പേജിൽ സെക്രട്ടറി ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.
   - സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
   - ഈ സാമ്പത്തിക വർഷത്തിൽ നടന്ന 1 തൊഴിലാളി ഗ്രാമസഭയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
   - ലൈഫ്,ബ്ലോക്ക് പ്ലന്റഷന്,നിലം ഒരുക്കൽ,ഗൃഹചൈതന്യം പദ്ധതി,കോൺസെന്റ് നേടിയ റോഡുകൾ ഗ്രാവൽ ചെയ്യൽ,തോട് പുനരുദ്ധാരണം,ആട്ടിന്കൂട്,കാലിത്തൊഴുത്തു,കോഴിക്കൂട് നിർമ്മാണം,നഴ്സറി നിർമ്മാണം,ഭൂവികസന പ്രവർത്തികൾ തുടങ്ങിയ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.
   - സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
   - പ്രവർത്തികളുടെ പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നില്ല
   - വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
3. **<u>തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ</u>**
   - കവർപേജ് ഉണ്ടായിരുന്നില്ല.
   - എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു
4. **<u>പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ</u>**

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നില്ല

5. **സ്ഥിര ആസ്തികളുടെ രജിസ്റ്റർ**
    - കവർപേജ് ഉണ്ടായിരുന്നില്ല.
    - വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്
6. **പരാതി രജിസ്റ്റർ**
    - പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നില്ല .
7. **സാധന രജിസ്റ്റർ**
    - കവർപേജ് ഉൾപ്പെടുത്തിയിരുന്നില്ല.
    - 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചില്ല.
    - 2019 -2020 ഇലെ രജിസ്റ്ററിലാണ് പ്രസ്തുത പ്രവർത്തികൾ കാണാൻ സാധിച്ചു.
    - എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്.

## ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

### 1.കവർപേജ്

AMC പ്രകാരമുള്ള കവർ പേജ്, പരിശോധിച്ച 6 ഫയലുകളിലും ഉണ്ടായിരുന്നു.പ്രവർത്തിയുടെ പേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി,കാറ്റഗറി,എസ്ടിമേറ്റ് തുക പ്രവർത്തി ആരംഭിച്ച തിയതി, ബ്ലോക്ക്, പഞ്ചായത്ത്,അസംബ്ലി നിയോജക മണ്ഡലം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി (ജയദേവ് രോഹിണി),വിവിധ കൃഷിക്കായി നിലം ഒരുക്കൽ P1 ,അഗതി ആശ്രയ ഭവന പദ്ധതി (ഉഷ കിഴക്കേ കണ്ണം തോടത്തു),കാലിത്തൊഴുത്തു നിർമ്മാണം(പാർവ്വതി കൊച്ചുചിറ),ലൈഫ് ഭവന പദ്ധതി(രത്നമ്മ കൊല്ലാട്ട്),ഗ്രൂപ്പ് കൃഷിക്കായി നിലം ഒരുക്കൽ P2 എന്നീ പ്രവർത്തി ഫയലുകളിൽ ചിലവായ തുക, അവസാനിച്ച തീയതി,Geo Tag,സാങ്കേതിക വിദഗ്ദ്ധന്റെ പേര്, സോഷ്യൽ ഓഡിറ്റ് നടത്തിയ വിവരങ്ങള് തുടങ്ങിയ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

### 2.ചെക്ക് ലിസ്റ്റ്

6 ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

**3. വാർഷിക കർമ്മ പദ്ധതി**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**4. എസ്റ്റിമേറ്റ്**

കവർ പേജ് ഉണ്ടായിരുന്നു. വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. Rate analysis, Estimate, lead and lift statement, material statement, labour abstract,Estimate report,drawing and design,survey data എന്നിവ ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ആയുധങ്ങളുടെ വാടക,രാമച്ചം, തീറ്റപ്പുൽ മുതലായ നടീൽ വസ്തുക്കൾ വാങ്ങാനുള്ള തുക എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല

**5.സാങ്കേതികാനുമതി**

സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ ഒപ്പു രേഖപെടുത്തിയിരുന്നെങ്കിലും ഔദ്യോഗിക പദവി,സീൽ എന്നിവ കണ്ടെത്താൻ സാധിച്ചില്ല.

**6. ഭരണാനുമതി**

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ) ഫയലിൽ ഉൾപെടുതിയിട്ടില്ല. എന്നാല് സെക്രട്ടറിയുടെ നടപടി ക്രമത്തിൽ ഭരണാനുമതി നമ്പറും തീയതിയും രേഖപെടുതിയിരുന്നു

**7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ**

2 ഫയലുകൾ സംയോജിത പദ്ധതിയില് ഉൾപെട്ടതായിരുന്നു ഈ 2 ഫയലിലും സംയോജിത പദ്ധതിയുടെ ഫോറം ഉണ്ടായിരുന്നു.

**8. ഡിമാൻഡ് ഫോറം**

അനുഛേദം A,B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന ഫോമിൽ തിയതി രേഖപെടുത്തുകയോ,കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല വ്യക്തിഗത അപേക്ഷക്ക് ANNEXURE 3(A) എന്നും ഗ്രൂപ്പായി ഉള്ള അപേക്ഷക്ക് 3(B) എന്നും രേഖപ്പെടുത്തേണ്ടതാണ് എന്നാൽ അത് ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന എഴുതി തയ്യാറാക്കിയ ഫോമിൽ തൊഴിലാളികളുടെ പേര് ,തൊഴിൽ കാർഡ് നമ്പർ ,ഒപ്പു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

**9. വർക്ക് അലോക്കേഷൻ ഫോറം.**

അനുഛേദപ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**10.E-Muster Roll**

BDO ,പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് നമ്പർ,പേജ് നമ്പർ തുടങ്ങിയവ കണ്ടെത്താൻ സാധിച്ചില്ല.ദിവസം രണ്ട് പ്രാവശ്യം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നുണ്ട്. തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. M. Roll ൽ ഓവർസീറും മേറ്റും തീയതി ഇല്ലാതെ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട്.

**11.M- Book**

പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു. സെക്രട്ടറി എല്ലാ എം ബുക്കും സർട്ടിഫൈ ചെയ്തതായി കണ്ടില്ല. എ ഇ ,ഓവർസീർ എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ഫയലിലും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം ഒരു ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ**

പരിശോദിച്ച 6 ഫയലുകളിലും മെറ്റീരിയൽ വാങ്ങിയതുമായി ബന്ധപെട്ട രേഖകൾ ഉണ്ടായിരുന്നു.

**13. വേജ് ലിസ്റ്റ്**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**14.FTO**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**15 .മെറ്റീരിയൽ വൗച്ചർ & ബിൽ**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്,സിമന്റ് എന്നിവ വാങ്ങിയതിന്റെ

ബില്ലുകൾ ഫയലില് ഉൾപ്പെടുത്തിയിരുന്നു.

**16. റോയൽറ്റി**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലുകളിലും ഉൾപെടുത്തിയിരുന്നില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ പ്രവർത്തിയുടെ പേര്,ബ്ലോക്ക്, പഞ്ചായത്ത്, A.S നമ്പറും, തീയതിയും,T.S നമ്പറും തിയതി എന്നിവ രേഖപെടുത്തിയിരുന്നു. മസ്റ്ററോൾ നമ്പർ,തീയതി, മെഷർമെന്റ് തീയതി MIS ൽ upload ചെയ്ത തീയതി, തൊഴിൽ ദിനങ്ങൾ,സാധനവേതന ഘടകം തുടങ്ങിയവ രേഖപെടുതിയിരുന്നില്ല ജൂനിയർ സൂപ്രണ്ട്,പ്രസിഡന്റ് എന്നിവ സ്ലിപ്പില് ഒപ്പ് വെച്ചിട്ടുണ്ട്.സെക്രട്ടറി ഒപ്പ് രേഖപെടുത്തിയിരുന്നില്ല.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി.**

പരിശോധിച്ച ഒരു ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

## <u>ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ</u>

1. **<u>ലൈഫ് ഭവന പദ്ധതി (ജയദേവ് രോഹിണി)(IF/371094)</u>**

വീടുപണി പൂർത്തിയായതായി കണ്ടെത്തിയതോടൊപ്പം 90 തൊഴിൽ ദിനങ്ങൾകൂടി അനുവദിക്കപ്പെട്ടതായ പരിശോധനയിൽ കണ്ടെത്തി.എസ്റ്റിമേറ്റ് പ്രകാരം 27390 രൂപ അനുവദിക്കപ്പെട്ടെങ്കിലും സാധന വേതനഘടകങ്ങളുൾപ്പെടെ ചിലവായ തുക 24390 ആണെന്നു ഫീൽഡ് പരിശോധനാവേളയിൽ മനസിലാക്കാൻ സാധിച്ചു .എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

**<u>2. കൃഷിവകുപ്പുമായി സംയോജിപ്പിച്ച് വിവിധ കൃഷിക്കായി നിലം ഒരുക്കൽ(P1) (LD/327592)</u>**

പ്രസ്തുത പദ്ധതിയുടെ ഫീൽഡ് പരിശോധനയിൽ ഈ സ്ഥലത്ത് ചീര, പയർ, വെണ്ട, പാവയ്ക്ക, വഴുതന തുടങ്ങിയവ കണ്ടെത്താനായെങ്കിലും മഴക്കെടുതിയിൽ ഇവയെല്ലാം നശിച്ചുപോയതായാണ് അറിയാൻ കഴിഞ്ഞത് ഡിസ്പ്ലേ ബോർഡിന് 3000/- രൂപ അനുവദിക്കപ്പെട്ടിരുന്നെങ്കിലും തൊഴിലാളികളുമായുള്ള സംസാരത്തിൽ വ്യക്തമായത് ഇവിടെ സിസ്പ്ലേ ബോർഡ് സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് തൊഴിലാളികളുടെ ഭാഗത്തു നിന്നുയർന്നു വന്ന ഒരു നിർദ്ദേശം കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കണമെന്നുള്ളതാണ്. എസ്റ്റിമേറ്റ് തുക 234915/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 219800/- രൂപയും ആണ്

.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 15115/- രൂപയാണ്

2. **<u>അഗതി ആശയ ഭവന പദ്ധതി (ഉഷ കിഴക്കേ കണ്ണംതോടത്ത് ) (IF/358194)</u>**

എസ്റ്റിമേറ്റ് പ്രകാരം ഗുണഭോക്താവിന് 27390 രൂപ അനുവദിച്ചെങ്കിലും ഗുണഭോക്താവിന് 24390 രൂപ മാത്രമാണ് ലഭിച്ചത് .ഫീൽഡ് പരിശോധനയുടെ ഭാഗമായുള്ള തൊഴിൽ കാർഡ് പരിശോധനയിൽ പദ്ധതിയുടെ ഭാഗമായി 90 ദിവസം തൊഴിൽ ദിനം അനുവദിക്കപ്പെട്ടതായും വേതന ഘടകം ലഭിച്ചതായും അറിയാൻ കഴിഞ്ഞു. ഭവന നിർമ്മാണം പൂർത്തിയായതായാണ് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്

3. **<u>പാർവ്വതി കൊച്ചു ചിറ (കാലിത്തൊഴുത്ത് നിർമ്മാണം) IF/365613</u>**

ഫീൽഡ് പരിശോധനയുടെ ഭാഗമായി പാർവ്വതി കൊച്ചു ചിറയുടെ വീട് സന്ദർശിക്കുകയും പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കിയ കാലിത്തൊഴുത്ത് കണ്ടെത്തുകയും ചെയ്തു.പദ്ധതിയുടെ ഭാഗമായി 39 തൊഴിൽ ദിനങ്ങൾ അനുവദിക്കപ്പെട്ടുവെങ്കിലും വിദഗ്ധ / അർദ്ധവിദഗ്ധ തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ തുക എന്നിവ ലഭിച്ചിട്ടില്ലെന്നും കണ്ടെത്തി.ഡിസ്പ്ലേ ബോർഡ് കണ്ടെത്താൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 129247/- രൂപയും ആണ്.

4. **<u>ലൈഫ് ഭവനപദ്ധതി,രത്നമ്മ കൊല്ലാട് (IF/368144)</u>**

ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച വീട്ഫീൽഡ് പരിശോധനയുടെ ഭാഗമായി സന്ദർശിക്കുകയുണ്ടായി. 90 ദിവസം തൊഴിൽ ദിനമായി ലഭിച്ചതായും തൊഴിൽ വേതനം കൈപ്പറ്റിയതായും കണ്ടെത്തി. വീടു നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.

5. **<u>ഗ്രൂപ്പ് കൃഷിക്കായി നിലം ഒരുക്കൽ പാർട്ട് - 2 (LD/340460)</u>**

മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിരുന്ന പ്രകാരം 170 ദിവസം തൊഴിൽ ദിനമായി അനുവദിക്കപ്പെട്ടതായും പ്രസ്തുത തൊഴിലിന്റെ വേതനം 25 തൊഴിലാളികൾക്കും കൃത്യമായി ലഭിച്ചതായും കണ്ടെത്തി. ആദ്യഘട്ടത്തെ അപേക്ഷിച്ച് അത്രത്തോളം വിപുലമായിട്ടല്ലെങ്കിലും ഇപ്പോഴും പ്രസ്തുത ഭൂമിയിൽ കൃഷി നടക്കുന്നുണ്ടെന്നു പരിശോധനയുടെ ഭാഗമായി മനസിലാക്കി.തുടക്കത്തിൽ പയർ, പാവൽ, ചീര, വഴുതന, ചേമ്പ് മുതലായവ കൃഷി ചെയ്യുകയും വിളവെടുക്കുകയും ചെയ്തെങ്കിലും കനത്ത മഴയെത്തുടർന്ന് വാഴ, കപ്പ, ചേമ്പ് മുലായവ മാത്രമേ വീണ്ടും കൃഷി ചെയ്യാൻ സാധിച്ചുള്ളു. Mബുക്ക് പ്രകാരം ഡിസ്പ്ലേ ബോർഡിന് 3000 രൂപ അനുവദിക്കപ്പെട്ടിരുന്നു. ഡിസ്പ്ലേ ബോർഡ് സൈറ്റിൽ കണ്ടെത്താൻ സാധിച്ചു.ഉപകരണങ്ങളുടെ വാടക കിട്ടാറില്ല എന്ന പരാതി തൊഴിലാളികളുടെ ഭാഗത്തു നിന്നും ഉയർന്നു വന്നു. എസ്റ്റിമേറ്റ് തുക 234949/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 49070/- രൂപയും ആണ്. എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 185879/- രൂപയാണ്

# <u>അവകാശനിഷേധങ്ങൾ</u>

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ പലയിടങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. പല പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നില്ല.

ലൈഫ് ഭവന പദ്ധതി,അഗതി ആശ്രയ ഭവന പദ്ധതി,,കാലി തൊഴുത്തുനിർമാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ചാണ് വിത്തുകളും വളവും വാങ്ങിയത് ,മാസ്ട്രോള് ഇല്ലാതെ തൊഴിലാഴികളെ കൊണ്ട് ശുചികരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.മാസ്ട്രോള് ഇല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത തൊഴിലാളികൾക്കു പിന്നീട് തൊഴിൽ അനുവദിക്കില്ല എന്ന നയമാണ് അധികൃതർക്കുള്ളത്.ഇതിനെ പറ്റി തൊഴിലാളികൾ പരാതി ഉന്നയിച്ചിരുന്നു.

# ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- നവീകരിക്കാത്ത തോടുകളുടെ നവീകരണം
- കടലോരപ്രദേശങ്ങളിൽ കണ്ടൽകാട് വച്ചുപിടിപ്പിക്കൽ
- കളിസ്ഥല നിർമാണം, ഫാം പോണ്ട് നിർമാണം
- തെങ്ങിന് തടം തുറക്കൽ
- ഇന്റർലോക്ക് ടൈൽ റോഡ് നിർമാണം
- തോടിന്റെ വശങ്ങളിൽ തീറ്റപ്പുല്ല് ,രാമച്ചം എന്നിവയ്ക്കു പകരം കണ്ടൽകാട് വച്ച് പിടിപ്പിക്കൽ

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്

വാർഡ് 7 ന്റെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 2. 30 ന് അനന്ദവല്ലിയുടെ വസതിയിൽ കൂടുകയുണ്ടായി. പ്രസ്തുത ഗ്രാമസഭയിൽ വാർഡ് 7 ന്റെ ചുമതല വഹിക്കുന്ന ഓവർസിയർ ഗോപൻ , BRP സീന, VRP മാർ, എന്നിവരും സാന്നിധ്യം വഹിച്ചു. തൊഴിലാളികളിൽ നിന്ന് ഗ്രാമസഭയ്ക്ക് അധ്യക്ഷം വഹിക്കുന്നതിനായ് രാധമ്മ എന്ന തൊഴിലാളിയെ തെരഞ്ഞെടുക്കുകയുണ്ടായി. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം അധ്യക്ഷയുടെ നേതൃത്വത്തിൽ ഫയൽ, ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ VRP മാരായ athira, അനുപമ, അശ്വതി, വ്യാസൻ എന്നിവർ ചേർന്ന് അവതരിപ്പിക്കുകയുണ്ടായി. റിപ്പോർട്ട്

അവതരണത്തിന് ശേഷം തൊഴിലാളികൾക്ക് ചർച്ചയ്ക്കുള്ള അവസരം ആയിരുന്നു.

## പൊതുചർച്ച

1)വാസന്തി, കരീപ്പറമ്പ് : പണി സ്ഥലങ്ങളിൽ നട്ട ചെടികൾ മഴയിലും വെയിലിലും നശിച്ചു പോയിരുന്നു. 2 പ്രാവശ്യം തൊഴിൽ ആവശ്യപ്പെട്ടു എങ്കിലും (കൈപ്പറ്റ് രസീത് കൈവശമുണ്ട് ) തൊഴിൽ ലഭിച്ചില്ല. മാത്രമല്ല കാടു വെട്ടിത്തെളിച്ചുള്ള കൃഷി സുരക്ഷിതമോ ,പ്രായോഗികമോ അല്ല.

2)ഓമന : തടംവെട്ട് പോലെയുള്ള പദ്ധതികൾ ഉൾപ്പെടുത്തണം.

3)സുധ : ആദ്യം കൃഷി ചെയ്ത സ്ഥലത്ത് വീണ്ടും കൃഷി ചെയ്യാൻ സാധിക്കുമോ ?

4) ശ്രീകുമാരി : ഒരുക്കിയ നിലത്തിൽ കൃഷി നടത്താനുള്ള തൊഴിൽ ദിനങ്ങളും അനുവദിക്കുമോ ?

5)സുധ : തൊഴിലുപകാരണങ്ങളുടെ മൂർച്ച കൂട്ടാനുള്ള വാടക ആവശ്യമാണ്.

6) കനക : ആദ്യകാലങ്ങളിൽ കുടിവെള്ളം, തണൽ, തുടങ്ങിയ തൊഴിലിട സൗകര്യങ്ങൾ ലഭിച്ചിരുന്നു എങ്കിലും ഇന്നു ലഭിക്കാറില്ല. ഇത് ലഭ്യമാക്കണം. പ്രഥമ ശുശ്രൂഷ കിറ്റ് സ്വന്തം ചെലവിലാണ് വാങ്ങി സൂക്ഷിച്ചിരിക്കുന്നത്. തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയത്ത് തോട് വെട്ട് പോലെയുള്ള പദ്ധതികൾ ലഭിച്ചിട്ടില്ല. പലപ്പോഴും ലഭിക്കുന്നത് മഴക്കാലത്തായതിനാൽ നല്ല രീതിയിൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല.

7)കനകമ്മ : തൊഴിൽ വേതനം 271 ഇൽ നിന്നും ഉയർത്തണം.

8)വസന്തകുമാരി, നടത്തുമുറി : ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

## മറുപടി

1)ഫോട്ടോ, തൊഴിൽ ആവശ്യപ്പെട്ടതിനുള്ള കൈപറ്റു രസീത്, ഉദ്യോഗസ്ഥരുടെ ഒപ്പ് തുടങ്ങി ഫയലിൽ ഉണ്ടായിരുന്ന പോരായ്മകൾ പരിഹരിക്കുന്നതാണ്.

2)ജോബ് കാർഡിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.

3)ചെക്ക് ലിസ്റ്റിലുള്ള രേഖകളെക്കുറിച്ചുള്ള ധാരണ പഞ്ചായത്ത് അഗങ്ങൾക്ക് നല്കിയിട്ടില്ലാത്തതിനാൽ ഇതുമൂലം ഫയലിലെ രേഖകൾക്ക് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ അംഗീകരിക്കുകയും പരിഹരിക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നു.

4)ജിയോടാഗ് ഫോട്ടോസ് ബ്ലോക്കിൽ നിന്നും ലഭിക്കുന്നതിനാലാണ് ഫയലിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയത്, ഈ പോരായ്മയും പരിഹരിക്കാം.

5)കുടിവെള്ള പ്രശ്നങ്ങൾ തൊഴിലിടങ്ങളിൽ ഉണ്ടായ പ്രശ്നങ്ങൾ മൂലമാണ് നിർത്തേണ്ടി വന്നത് . ഫസ്റ്റ് എയ്ഡ് കിറ്റ് ഉടൻതന്നെ ലഭ്യമാക്കും.

6)മസ്റ്റർ റോൾ ഇല്ലാതെ പ്രവർത്തികൾ ചെയ്തിട്ടില്ല.

## തീരുമാനങ്ങൾ

1)തൊഴിലിടങ്ങളിലെഅടിസ്ഥാനസൌകര്യങ്ങളായതണൽകുടിവെള്ളം, പ്രഥമ ശ്രുശ്രുഷ, തൊഴിലുപകരങ്ങളുടെ വാടക എന്നിവ ലഭ്യമാക്കുവാൻതീരുമാനിച്ചു.
2)തോടുവെട്ടുപോലുള്ളപ്രവർത്തികൾസമയബന്ധിതമായിനടത്തുവാന് തീരുമാനിച്ചു.
3)ജോബ്കാർഡിലെ വിവരങ്ങൾകൃത്യമായിഎഴുതിസൂക്ഷിക്കുവാന് തീരുമാനിച്ചു.
4)ഫയലിൽ AMC പ്രകാരമുള്ള എല്ലാ രേഖകളും ഉൾപെടുത്താൻതീരുമാനിച്ചു.
5)ESTIMATE പ്രകാരം തൊഴിലിടങ്ങളിൽ പ്രവർത്തികള് ചെയുന്നുഎന്ന്ഉറപ്പാക്കാന് തീരുമാനിച്ചു.

തൊഴിലാളികൾ റിപ്പോർട്ട് അംഗീകരിക്കുകയും തൊഴിലാളികളെ പ്രതിനിതീകരിച്ചു ശ്രീദേവി എന്ന വ്യക്തി നന്ദി രേഖപ്പെടുത്തുകയും ചെയ്തു. 5 മണിയോടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അവസാനിക്കുകയും ചെയ്തു .

BRP :- സീന കെ ആർ

VRPs :- വ്യാസൻ എൻ എൽ, അശ്വതി ടി എസ്, ആതിര എസ് വി, അനുപമ ആർ, ഗ്രീഷ്മ ജി മോൾ, ശ്രുതി എസ്, അശ്വതി എസ്